**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 275** **08-06-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയായിരുന്നുയെന്ന് വ്യക്തമാക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ 31/03/2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയായിരുന്നു. ഇത് പ്രകാരമുള്ള ആളോഹരി പൊതു കടം 32,129.23 രൂപയായിരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്നും ആളോഹരി കടം എത്രയാണെന്നും വിശദമാക്കാമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ 30/03/2021 വരെയുള്ള ലഭ്യമായ താത്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയാണ്. ഇത് പ്രകാരമുള്ള ആളോഹരി പൊതു കടം 59012.90 രൂപയാണ്. |
| (സി) | ഇത്തരത്തിൽ പൊതുകടം വർദ്ധിക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ; | (സി) | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പപരിധി GSDP യുടെ ഒരു നിശ്ചിത ശതമാനമായിട്ടാണ് നിശ്ചയിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച നൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാ പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാർ നിശ്ചയിച്ച നൽകുന്ന വായ്പാ പരിധിയ്ക്കുള്ളിൽ കേന്ദ്രത്തിൽ നിന്നും പുറത്തു നിന്നും എടുക്കുന്ന വായ്പകളും ഉൾപ്പെടുന്നു. 2015-16 മുതൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി യിലുള്ള വർദ്ധനവിന് ഏറെകുറെ ആനുപാതികമായ വർദ്ധനവാണ് കടത്തിലും ഉണ്ടായിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ |

| | | | |
|---|---|---|---|
| | | | ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 2 ശതമാനം അധിക വായ്പയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനത്തിന് ഈ അധികവായ്പയെ ആശ്രയിക്കേണ്ടി വന്നത് കടത്തിൽ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്. |
| (ഡി) | പൊതുകടത്തിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ ആസ്തിയിലുണ്ടായ വർദ്ധന എത്രയെന്നും അത് ഏതൊക്കെയാണെന്നും തരംതിരിച്ച് വിശദമാക്കുമോ? | (ഡി) | 2020-21 ൽ സംസ്ഥാനത്തിന്റെ പൊതുകടം 2,05,447.51 കോടിരൂപയായിരുന്നു. പൊതുകടത്തിൽ 17.64% (30,807.29 കോടി രൂപയുടെ) വർദ്ധനവാണ് രേഖപ്പെടുത്തിയത്. പ്രസ്തുത വർഷത്തിൽ മൂലധനചെലവിൽ 50% (4223.63 കോടിരൂപയുടെ) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ